A3/2/2024-CLAD

**"ഭരണഭാഷ-മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ (KSFDC) എസ്.പി.വി.ആയിട്ടുള്ള ചെങ്ങന്നൂർ, കൊട്ടാരക്കര തിയേറ്റർ പദ്ധതികളുടെ PMC ആയി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ (KSCADC) നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.114/2025/CLAD തീയതി,തിരുവനന്തപുരം, 10-03-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം.578/2024/CLAD തീയതി 06.10.2024.
2. സ.ഉ.(സാധാ) നം.589/2024/CLAD തീയതി 10.10.2024.
3. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 12.02.2025 തീയതിയിലെ 6948/റ്റി2/24/കെ.എസ്.എഫ്.ഡി.സി. നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ (KSFDC) എസ്.പി.വി. ആയിട്ടുള്ള KIIFB Funded തീയേറ്റർ പ്രോജക്ടുകളായ കായംകുളം, അളഗപ്പനഗർ, പയ്യന്നൂർ, തൃശ്ശൂർ ജില്ലയിലെ കൈരളി/ശ്രീ തിയേറ്ററുകൾ, പിണറായി ദക്ഷിണേന്ത്യൻ സാംസ്കാരിക കേന്ദ്രം, ധർമ്മടം-പാലയാട്, പേരാമ്പ്ര, പായം, താനൂർ, ഇടുക്കി, മാന്ദമംഗലം, ആണ്ടൂർ എന്നീ തീയേറ്ററുകളുടെ PMC ആയും പരാമർശം (2) പ്രകാരം ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരണം സംബന്ധിച്ച പ്രവൃത്തികളുടെ PMC ആയും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ (KSCADC) ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

2. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ നിലവിൽ പുതുതായി ചെങ്ങന്നൂർ, കൊട്ടാരക്കര എന്നിവിടങ്ങളിൽ തീയേറ്റർ നിർമ്മാണ പദ്ധതി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ നടന്നുവരികയാണെന്നും ടി പദ്ധതികളുടെ PMC ചുമതല കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ (KSCADC) ഏൽപ്പിക്കണമെന്നും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചെങ്ങന്നൂർ, കൊട്ടാരക്കര എന്നിവിടങ്ങളിൽ ഏറ്റെടുക്കുന്ന പുതിയ തീയേറ്റർ നിർമ്മാണ പദ്ധതികളുടെ PMC ചുമതല കൂടി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് (KSCADC) നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJANI M

ജോയിന്റ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
Date: 10-03-2025 15:57:29

സെക്ഷൻ ഓഫീസർ

പകർപ്പ് : 1) ബഹു. സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2) സാംസ്കാരിക കാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.
3) സാംസ്കാരിക കാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.
4) സാംസ്കാരിക കാര്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്.